# ബാബു പോൾ: ചില മരിക്കാത്ത ഓർമ്മകൾ

ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത

ഏകദേശം അര ശതാബ്ദക്കാലം മലയാളി സമൂഹത്തിൽ തന്റെ സാന്നിധ്യം ഇടമുറിയാതെ നിലനിർത്തിയ അത്യപൂർവ്വ വ്യക്തിയാണ് ബാബുപോൾ. ഈ പേരുള്ള പ്രശസ്തരും, അപ്രശസ്തരുമായ നിരവധി വ്യക്തികൾ കേരളത്തിൽ ഉണ്ട്. എന്നാൽ ഒരു വിശേഷണവും കൂടാതെ ഈ പേർ പറഞ്ഞാൽ അത് ബാർഈത്തോബ്രീറോ ഡോ.ഡി.ബാബു പോൾ ആയി മാത്രമാണ് കേൾക്കുന്നവർ ധരിക്കുക.

ഇടുക്കി ജില്ല രൂപം കൊണ്ടപ്പോൾ അതിലെ പ്രധാന അധികാരിയായും, ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായും 1970 ന്റെ പ്രാരംഭ ത്തിൽ ചുമതല ഏറ്റ കാലം മുതൽ കാര്യക്ഷമതയുള്ള ഒരു ബ്യൂറോക്രാറ്റ് എന്ന നിലയിൽ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു. തുടർന്ന് വൈവിധ്യമാർന്ന നിരവധി മേഖലക ളിൽ തന്റെ സാന്നിധ്യം വ്യാപിക്കുന്നതായി സമൂഹം കണ്ടുകൊണ്ടിരുന്നു. പിന്നീ ടുള്ള കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ഖ്യാതിക്ക് മങ്ങലേൽക്കാതെ പ്രതിച്ഛായ വർദ്ധിച്ചു. മലയാള സമൂഹത്തിലെ ഏറ്റവും പ്രശസ്തനായ വ്യക്തി എന്ന് ആലോ ചിച്ചു തന്നെ വിശേഷിപ്പിച്ചതാണ്. കാരണം, അദ്ദേഹം കേരളത്തിൽ മാത്രമല്ല ലോക മെമ്പാടുമായി വ്യാപിച്ചു കിടക്കുന്ന മലയാളി സമൂഹത്തിൽ ഒരിടത്തും അപരിചിത നായിരുന്നില്ല.

വഹിച്ച ഔദ്യോഗിക സ്ഥാനങ്ങളോ ചുമതല നിർവ്വഹണത്തിൽ പ്രകടിപ്പിച്ച പ്രാഗത്ഭ്യമോ ആണ് അദ്ദേഹത്തെ ജനപ്രിയനാക്കിയത് എന്ന് പറയാനാവില്ല. ഒരു വലിയ പരിധി വരെ ഇത്തരത്തിലുള്ള പ്രതിഭകളുടെ ഖ്യാതി നിയന്ത്രിക്കുകയും പ്രവർത്തന മേഖലകൾ പരിമിതപ്പെടുത്തുകയും ചെയ്യുന്നവയാണ് അവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ. എന്തുകൊണ്ടെന്നാൽ ഔദ്യോഗിക ഉത്തരവാദിത്തങ്ങ ളുടെ നിർവ്വഹണത്തിൽ സമയം ചെലവിടേണ്ടിവരുന്നതും ചുമതലയിൽ പാലി ക്കേണ്ട അച്ചടക്ക-നിയന്ത്രണങ്ങളും മറ്റുമേഖലകളിലെ ഇടപെടൽ സാധ്യതകൾ പരമിതപ്പെടുത്തുന്നു. അദ്ദേഹം വഹിച്ച സ്ഥാനങ്ങളിൽ ഇരുന്ന പ്രഗത്ഭരായ ഉദ്യോ ഗസ്ഥരിൽ മിക്കവർക്കും തന്നെ മലയാള സമൂഹമനസ്സിൽ അദ്ദേഹത്തോളം ചിര: പ്രതിഷ്ഠ നേടാനാകാത്തതിന്റെ ഒരു കാരണം ഇതാണ്. തന്റെ ഭാരിച്ച കൃത്യനിർവ്വ ഹണ ബാധ്യതയുടെ മധ്യത്തിലും, ജോലി ആവശ്യപ്പെടുന്ന അച്ചടക്കത്തിന്റെ നിയ ന്ത്രണങ്ങൾ ലംഘിക്കാതെയും ഇത്ര വ്യാപകമായി അദ്ദേഹത്തിന് ജനശ്രദ്ധ നേടാൻ കഴിഞ്ഞു എന്നത് ആരെയും അമ്പരപ്പിക്കുന്ന വസ്തുതയാണ്.

കുലീനത്വം സ്ഫുരിക്കുന്ന വ്യക്തിത്വം, മനുഷ്യത്വം പ്രകടമാക്കുന്ന മുഖഭാവം, വ്യക്തിബന്ധങ്ങൾ നിലനിർത്തുന്നതിൽ കാണിക്കുന്ന ശ്രദ്ധ, ജോലിയിൽ പ്രകടമാ ക്കുന്ന ദീർഘവീക്ഷണം, കൃത്യനിർവഹണത്തിലെ കാര്യക്ഷമത, ഏതുവിഷയത്തിലു മുള്ള അടിസ്ഥാന അറിവ്, സദസിനെ മനസ്സിലാക്കി വിഷയങ്ങൾ അവതരിപ്പിക്കുന്ന തിലുള്ള വൈദഗ്ധ്യം- അതിന് ഉതകുന്ന ഭാഷാപ്രയോഗം, രചനകളിലെ ആകർഷക മായ ശൈലി എന്ന് വേണ്ട എത്രയോ കാര്യങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിത്വം വശ്യ മാക്കുന്നു. പാണ്ഡിത്യവും നർമ്മവും സ്വാഭാവികമായ അംഗവിക്ഷേപങ്ങളും ചേർന്ന വാക്ചാതുരിക്ക് ബദലുകൾ സൃഷ്ടിക്കുവാൻ കേരള സമൂഹത്തിൽ അധികം

പേർക്ക് ആയിട്ടില്ല. സ്വാനുഭവങ്ങൾ മുതൽ ചരിത്ര-വേദശാസ്ത്ര - താത്വിക വിഷയങ്ങൾ വരെ വാക്‌ധോരണിയിൽ ഇടകലരുമ്പോൾ കേൾവിക്കാർക്ക് സ്തബ്ധരാകാൻ മാത്രമെ സാധിക്കൂ. വായനയുടെ പരപ്പും ചിന്തയുടെ ജൈവികതയും സൂക്ഷ്മ ദൃക്കുകൾ മാത്രം സ്വായത്തമാക്കുന്ന നിരീക്ഷണ മികവും രചനയിലും പ്രസംഗത്തിലും പ്രകടമാകുമ്പോൾ അദ്ദേഹം ആരെയും ആകർഷിക്കുന്ന വ്യക്തിത്വം ആയിമാറുന്നു.

ബാബു പോളിന്റെയും എന്റെയും പിതാക്കന്മാർ ഒരു സഭയിൽ ഒരേ പ്രദേശത്ത് ഒരേ കാലഘട്ടത്തിൽ പ്രവർത്തിച്ച വൈദികർ എന്ന നിലയിൽ സൗഹൃദം നിലനിർത്തിയവർ ആയിരുന്നു. എന്നാൽ അദ്ദേഹത്തെ എനിക്ക് പരിചയപ്പെടാൻ കഴിഞ്ഞത് എന്റെ മെത്രാൻ സ്ഥാനലബ്ധി ശുശ്രൂഷയോട് അനുബന്ധിച്ച് നടത്തപ്പെട്ട ചടങ്ങിൽ വെച്ചാണ്. അത് ഞങ്ങൾ തമ്മിൽ നിലനിർത്തിയ 30 വർഷത്തെ ബന്ധത്തിന്റെ തുടക്കമായിരുന്നു. ആ ധന്യ ജീവിതത്തിന് തിരശ്ശീല വീഴുന്നതുവരെ ആ സൗഹൃദം തുടരുകയും ചെയ്തു. അദ്ദേഹത്തിൽ നിന്ന് ഞാൻ അനുഭവിച്ച വാത്സല്യം, കരുതൽ, അംഗീകാരം എന്നിവ എന്നിൽ സൃഷ്ടിച്ച കടപ്പാടുകൾ തീർത്താൽ തീർക്കാവുന്നതല്ല. ഞങ്ങൾക്കിടയിൽ നടന്ന സന്ദർശന -പ്രതി സന്ദർശനങ്ങൾക്കുപരി എന്റെ ശുശ്രൂഷ മേഖലയിലെ വിവിധ പദ്ധതി പ്രവർത്തനങ്ങളിൽ അദ്ദേഹം നൽകിയ പ്രോത്സാഹനം, അതുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികളിൽ ഒരുമിച്ചുള്ള പ്രവർത്തനം, അത്യാവശ്യ ഫോൺ- കത്തിടപാടുകൾ എല്ലാം ഈ സൗഹൃദം കൂടുതൽ ഹൃദ്യമാക്കിത്തീർത്തു.

മരണത്തിന് ഏകദേശം രണ്ടുമാസം മുൻപായിരുന്നു അദ്ദേഹത്തെ ഞാൻ അവസാനമായി സന്ദർശിച്ചത്. സഭാസമാധാനം സംബന്ധിച്ച എന്റെ ഒരു പുസ്തകത്തിന് മുഖവുര എഴുതിയത് ബാബു പോൾ ആയിരുന്നു. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് അതിന്റെ രണ്ട് പ്രതി കൊടുക്കുവാൻ ആ സമയത്ത് നടന്ന തിരുവനന്തപുരം സന്ദർശനത്തിൽ സമയം തരപ്പെടുത്തിയായിരുന്നു കൂടിക്കാഴ്ച. ശരീരം അല്പം വണ്ണം വെച്ചതായും, ചലന ചടുതല കാര്യമായി കുറഞ്ഞതുപോലെയും തോന്നി. ഞാൻ ചോദിച്ചപ്പോൾ സമീപത്തുള്ള ഏതോ കാന്റീനിൽ നിന്നാണ് ഭക്ഷണം ക്രമീകരിച്ചിരിക്കുന്നത് എന്നും, ഭക്ഷണശീലമാണ് ശരീരവികാസം സൃഷ്ടിച്ചതും ചനല സ്വാതന്ത്ര്യം കുറയ്ക്കുന്നതും എന്ന് മറുപടി പറഞ്ഞ് ഹൃദ്യമായി ചിരിച്ചു. ഏറെ നേരം സഭാകാര്യങ്ങൾ ഉൾപ്പെടെ പലതും സംസാരിച്ചിരുന്നു. പുറത്ത് ആരോ കാത്തു നില്ക്കുന്നു എന്ന് എനിക്ക് തോന്നിയപ്പോൾ ഒരു വാക്ക് പ്രാർത്ഥിച്ച് യാത്ര പറഞ്ഞിറങ്ങി. വീണ്ടും കാണില്ല എന്ന് സൂചിപ്പിക്കുന്ന അസ്വസ്തതയുടെ ലാഞ്ചന അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ട് ആഴ്ചകൾക്കുള്ളിൽ മരണകാര്യം ബന്ധുക്കൾ ആരോ വിളിച്ചു പറഞ്ഞപ്പോൾ കണ്ണിൽ ഇരുട്ടുകയറുകയായിരുന്നു. പിന്നീട് കണ്ടത് കുറുപ്പംപടിയിലെ തറവാട് വീട്ടിൽ ചേതനയറ്റ ശരീരമായിരുന്നു.

പരിചയപ്പെടുന്ന ഏതു മനുഷ്യനിലും നന്മ കണ്ടെത്തുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. ആരോടും പരുഷവാക്കുകൾ പറയുകയോ പരുക്കനായി ഇടപെടുകയോ ചെയ്യുന്ന ശീലം അദ്ദേഹത്തിൽ ഒരിക്കലും ഞാൻ കണ്ടിട്ടില്ല. അമർഷത്തിന്റെ നിഴൽ ആ മുഖത്ത് ആരും ദർശിച്ചതായി ഞാൻ അറിഞ്ഞിട്ടില്ല. പ്രകോപനപരമായി ഇടപെട്ടവരോട് അവർക്ക് മറക്കാനാവാത്തവിധം നർമ്മ പ്രവാഹം സൃഷ്ടിച്ച് അവരിൽ വീണ്ടുവിചാരം ഉണ്ടാക്കിയതിന് ഞാൻ സാക്ഷിയാണ്. ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാപ്പോലീത്തയുടെ പതിവിൻ പ്രകാരമുള്ള വികടഭാഷണത്തിന്

അദ്ദേഹം നല്കിയ ശബ്ദസന്ദേശം വൈറലായത് ഒരു ഉദാഹരണം മാത്രം. തന്നെ അവഗണിക്കുകയും തനിക്ക് അർഹമായ വകുപ്പുകൾ കൊടുക്കാതെ തരം താഴ്ത്തു കയും ചെയ്യാൻ ശ്രമിച്ച ഭരണാധികാരികളോടു പോലും യാതൊരു നീരസവും അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ല. അദ്ദേഹം ഏതു ഭരണകർത്താവിലും നന്മയും സവി ശേഷതകളും കണ്ടെത്താൻ ശ്രമിച്ചു. പിണറായി വിജയനും ഉമ്മൻചാണ്ടിയും കരു ണാകരനും നയനാരും എല്ലാം അദ്ദേഹത്തിന്റെ ആദരവിന് പാത്രങ്ങൾ തന്നെ. ഒരു പക്ഷെ സി.അച്യുതമേനോനോട് ആദരവു വർദ്ധിച്ച് ആരാധനയായിരുന്നോ എന്ന് തോന്നും. എന്തിന് വി.എസ് അച്യുതാനന്ദനെ സ്റ്റാലിൻ എന്ന് വിശേ ഷിപ്പിക്കുമ്പോഴും യാഥാസ്ഥികനായ, വഴക്കമില്ലാത്ത ഒരു കമ്മ്യൂണിസ്റ്റ് നേതാവ് എന്നതിലപ്പുറം മറ്റൊന്നും അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ല.

നർമ്മത്തിന്റെ പരിധി ലംഘിക്കാതിരിക്കുവാൻ ബാബു പോൾ എന്നും ശ്രദ്ധി ച്ചിരുന്നു. അദ്ദേഹം പരാമർശിക്കുന്നവരെ വ്യക്തിപരമായി അറിയുകയും അവരുടെ ജീവിത പശ്ചാത്തലം മനസ്സിലാക്കുകയും ചെയ്യുമ്പോൾ ബാബു പോളിന്റെ നിർദ്ദോഷ നർമ്മങ്ങളുടെ ആസ്വാദ്യത വർദ്ധിക്കും. കാലം ചെയ്ത ശ്രേഷ്ഠ പൗലോസ് ദ്വിതിയൻ ബാവായുടെ നിർമ്മമത്വവും, അക്ഷോഭ്യതയും വെളിപ്പെടുത്തുവാൻ അദ്ദേഹം പറഞ്ഞതാണ്; ''വാല്യക്കാരന് വാലു മുളച്ചപ്പോൾ അതുകണ്ട് ആസ്വദിച്ചയാളായിരുന്നു ബാവ''. അദ്ദേഹത്തിന്റെ ശുശ്രൂഷക്കാരനായി വന്ന ഒരാൾ പിന്നീട് മേല്പ്പട്ടക്കാരനായി അദ്ദേഹത്തിന് സ്ഥിരം സ്വൈര്യം കെടുത്തിയപ്പോഴും പക്വത കാണിച്ച ബാവായെ അറിയുന്നവർക്ക് ഒരു ദിവസം മുഴുവൻ ഊറി ചിരിക്കുവാൻ വക നല്കുന്നതാണീ കമന്റ്.

ബാബുപോൾ സഭാ അതിരുകൾക്ക് അതീതനായിരുന്നുവെങ്കിലും പാത്രിയർക്കീസ് കക്ഷിയിലായിരുന്നു സഭാംഗത്വം നിലനിർത്തിയിരുന്നത്. എന്നാൽ അതിന്റെ നേതൃത്വത്തിന്റെ പിടിയിൽ ഒതുങ്ങിക്കഴിയാൻ അദ്ദേഹം ആഗ്രഹിച്ചതുമില്ല. അതുകൊണ്ട് അദ്ദേഹത്തെ ചീഫ് സെക്രട്ടറി സ്ഥാനത്തേക്ക് പരിഗണിക്കപ്പെടുന്നു എന്ന് അറിവ് കിട്ടിയപ്പോൾ മുഖ്യമന്ത്രിക്ക് തന്റെ സഭാ വിഭാഗം നേതാക്കൾ അദ്ദേഹത്തിന് ആ പദവി നല്കരുത് എന്ന് ആവശ്യപ്പെട്ട് ഇംഗ്ലീഷ് ഭാഷയിൽ ഒരു കത്ത് നൽകി. ആ കത്ത് മുഖ്യമന്ത്രി നായനാർ സാന്ദർഭികമായി ബാബു പോളിനെ കാണിച്ചു. അതു വായിച്ച ശേഷം പിന്നീടൊരിക്കൽ അദ്ദേഹം എന്നോട് പറഞ്ഞു; 'എന്റെ തിരുമേനി, എന്റെ പേരിലുള്ള അവരുടെ ആരോപണങ്ങൾ എന്നോട് പറഞ്ഞിരുന്നുവെങ്കിൽ ഞാൻ തന്നെ അത് വൃത്തിയായി ഇംഗ്ലീഷ് ഭാഷയിലെഴുതി കൊടുക്കുമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസമെങ്കിലും ഉള്ളവർ ഇത്തരം നിലവാരമില്ലാത്ത ഒരു കത്തെഴുതുമായിരുന്നില്ല. ഞാൻ അത് എഴുതിയിരുന്നെങ്കിൽ എന്റെ സഭയ്ക്ക് ഈ നാണക്കേട് വരില്ലായിരുന്നു. ഇപ്പോൾ സഭയ്ക്കും, അതിലെ അംഗമായത് കൊണ്ട് എനിക്കും നാണക്കേടായി'. അവഹേളനത്തിന്റെ മധ്യത്തിലും കാലുഷ്യമില്ലാതെ നർമ്മം പൊഴിക്കുവാൻ ബാബു പോളിനല്ലാതെ ആർക്ക് കഴിയും! ശുദ്ധമായ നർമ്മമല്ലാതെ പരിഹാസത്തിന്റെയോ, ആക്ഷേപഹാസ്യത്തിന്റെയോ ഒരു പദം പോലും നന്മ നിറഞ്ഞ ആ മനസ്സിൽ നിന്നും രമ്യമായ തൂലികയിൽ നിന്നും പുറത്ത് വന്നിട്ടില്ല.

അസുഖകരമായ അനുഭവങ്ങൾ അധികാര സ്ഥാനങ്ങളിൽ നിന്ന് ഉണ്ടായപ്പോഴെല്ലാം അദ്ദേഹം ഒരു തരത്തിലുള്ള അസ്വസ്ഥതയും പ്രകടിപ്പിച്ചിരുന്നില്ല. കിട്ടിയ വകുപ്പുകൾക്ക് വിലയുണ്ടാക്കാനും, പ്രയോജനപ്രദമായ

രചനകളുടെ സൃഷ്ടിക്കുമായി സമയം വിനിയോഗിക്കുകയായിരുന്നു പതിവ്. കേരളത്തിലെ സാംസ്കാരിക-സാഹിത്യ-വേദശാസ്ത്ര മേഖലകളെ പരിപുഷ്ടി പ്പെടുത്തുവാൻ സഹായിക്കുന്ന ഗ്രന്ഥനിർമ്മിതിക്കുള്ള അവസരങ്ങളായി സാഹചര്യങ്ങളെ മാറ്റി എടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു.

ബാബു പോളിന്റെ ഗദ്യശൈലി വേറിട്ടു നിൽക്കുന്ന ഒന്നാണ്. വി.കെ.എന്നിന്റെയോ, മാധവിക്കുട്ടിയുടെയോ, ഒ.വി.വിജയന്റെയോ പോലെ തനതായ ഒരു രചനാശൈലി രൂപപ്പെടുത്തുന്നതിനും അദ്ദേഹത്തിന് സാധിച്ചു. ഈ ശൈലി സാഹിത്യ രചനകളിൽ മാത്രമല്ല, ഒരു വാക്യത്തിൽ തീർക്കുന്ന സ്വകാര്യ കത്തുകളിലും ഫയലുകളിൽ കോറിയിടുന്ന റിമാർക്കുകളിലും പോലുമുണ്ടായിരു ന്നുവെന്നാണ് എന്റെ അറിവ്. ഏത് ഉള്ളടക്കത്തെയും ആസ്വാദ്യകരമാക്കുവാൻ കഴിയുന്ന വശ്യത ആ ശൈലിക്കുണ്ട്. എന്തിന് ഔപചാരിക കുറിമാനങ്ങളിൽ പോലും ആ ശൈലിയുടെ ഹൃദ്യത, വ്യക്തിപരത, സൗന്ദര്യം എന്നിവ നിലനിർത്തുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

നടപടികളിലും, വാക്കുകളിലുമെല്ലാം ഏത് വ്യക്തിക്കും വല്ലപ്പോഴുമെങ്കിലും വീഴ്ച സംഭവിക്കുക സ്വാഭാവികമാണ്. എന്നാൽ അവ തിരിച്ചറിയുവാനുള്ള വിവേകവും തിരുത്തുവാനുള്ള ഉൾക്കരുത്തും ഉള്ളവർ ചുരുക്കം. കർശനമായ ആത്മ വിമർശന ശേഷിയും, വീണ്ടുവിചാരവും, സത്യബോധവും ഉള്ള സുമനസ്സുകൾക്കേ അതു സാധിക്കൂ. മൊഴിഞ്ഞുപോയ വീൺവാക്കിനും, കൈവിട്ടുപോയ അബദ്ധത്തിനും ന്യായീകരണം കണ്ടെത്തി സാധൂകരിക്കാനാണ് മിക്കവരും ശ്രമിക്കുക. തങ്ങളുടെ സമീപനം ആർക്കെങ്കിലും ആക്ഷേപമായി തീർന്നോ, ആരെയെങ്കിലും മുറിപ്പെടുത്തിയോ എന്നൊന്നും ചിന്തിക്കാറില്ല. ഈ കാര്യത്തിലും ബാബു പോൾ ഒരു അപവാദമായിട്ടാണ് എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്. സഭയുമായി ബന്ധപ്പെട്ട ഒരു ആലോചനായോഗത്തിൽ എന്തോ ധാരണ പിശക് കൊണ്ടാകാം എനിക്ക് അമ്പരപ്പ് ഉണ്ടാക്കുന്ന വിധത്തിലുള്ള വിമർശനം എന്നെപ്പറ്റി ബാബു പോൾ നടത്തി. അദ്ദേഹം എന്നെക്കാൾ പതിനൊന്ന് വയസ്സ് കൂടുതലുള്ള എന്നെ വളരെ സ്നേഹിക്കുന്ന വ്യക്തിയായിരുന്നതു കൊണ്ട് എന്നിൽ നിന്ന് പ്രതികരണ മുണ്ടാകാതിരിക്കുവാൻ ഞാൻ ശ്രദ്ധിച്ചു. എന്തുപറ്റി എന്ന് ഞാൻ ആലോചിക്കാതിരുന്നില്ല. എന്നാൽ എന്നെ അത്ഭുതപ്പെടുത്തിയ ഒന്ന് സംഭവിച്ചു. മൂന്നു നാല് ദിവസങ്ങൾക്കുള്ളിൽ നിരുപാധികം ഖേദം പറഞ്ഞ് എഴുതിയ ഒരു പോസ്റ്റ് കാർഡ് എന്റെ പേരിൽ അദ്ദേഹം അയച്ചത് എനിക്ക് കിട്ടി. വ്യക്തിപരമായ ഖേദപ്രകടനം മാത്രമായിരുന്നില്ല അത്. അന്നത്തെ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും അതിന്റെ പകർപ്പ് അയച്ചു കൊടുക്കുകയും ചെയ്തു. ഇത് എന്നിൽ സൃഷ്ടിച്ച ഞെട്ടൽ ചെറുതായിരുന്നില്ല. ആ വലിയ മനസിന്റെ മുമ്പിൽ ഞാൻ എത്ര ചെറുതായി എന്ന് എനിക്ക് അനുഭവപ്പെട്ടു. ആ കാര്യം ചിന്തിക്കുമ്പോൾ എന്റെ കണ്ണ് ഇന്നും ഈറനണിയും.

എന്നാൽ അദ്ദേഹത്തെ ഞാൻ ആക്ഷേപിച്ചപ്പോൾ ഞാൻ മാപ്പ് പറയാതെ തന്നെ എന്നോട് ക്ഷമിക്കുവാനുള്ള ഹൃദയ വിശാലത അദ്ദേഹം കാണിച്ചു. സഭാപ്രശ്നങ്ങളിൽ പാത്രിയർക്കീസ് ബാവ പലപ്പോഴും നടത്തിയിരുന്ന ഇടപെടലുകൾ പാത്രിയർക്കീസ് കക്ഷിയിൽ തന്നെ അസ്വസ്ഥത സൃഷ്ടിച്ചിരുന്നു. പാത്രിയർക്കീസിന്റെ ഇടപെടലുകൾക്ക് പിന്നിൽ അദ്ദേഹവുമായി ഉറ്റ സൗഹൃദം നിലനിർത്തിയ ബാബുപോളിന്റെ സ്വാധീനം ഉണ്ട് എന്ന് പലരും ന്യായമായും

സംശയിച്ചിരുന്നു. ആ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ പേരു പറയാതെ എന്നാൽ ആർക്കും അത് വ്യക്തമാകുന്ന പ്രകാരം ഞാൻ പരസ്യമായി കടന്നാക്രമണം നടത്തി. എന്നാൽ എന്റെ യുവസഹജമായ അവിവേകം നിരുപാധികമായി അദ്ദേഹം ക്ഷമിച്ചു. അദ്ദേഹം ആരോടോ പറഞ്ഞു: എന്റെ അനിയൻ കാണിച്ച ഒരു വിവരദോഷമായി മാത്രമേ ഞാൻ അതിനെ കാണുന്നുള്ളൂ. എന്നെ അപമാനിക്കാനായി അദ്ദേഹം ചെയ്തതൊന്നുമല്ല. അതുകൊണ്ട് അദ്ദേഹം എവിടെയോ എഴുതി; ''അത്താനാസിയോസ് തിരുമേനിയുടെ മസ്തിഷ്ക സിദ്ധിക്ക് എന്റെ സാക്ഷ്യം ആവശ്യമില്ല. തൂമ്പായെ തൂമ്പ എന്ന് തന്നെ വിളിക്കുവാനുള്ള ചങ്കൂറ്റവും എന്റെ സത്യവാങ്മൂലം കൊണ്ട് സ്ഥാപിക്കേണ്ടതല്ല. എന്നാൽ തൂമ്പ യെന്ന് തിരുമേനി സങ്കല്പിക്കുന്നതിനെയും കയറി തൂമ്പ എന്ന് വിളിച്ചുകളയും''. മേല്പറഞ്ഞ കാര്യം മനസ്സിൽ വെച്ചുകൊണ്ട് വാത്സല്യപൂർവ്വമുള്ള ഒരു കൊട്ട്.

നിലനിന്നിരുന്ന സൗഹൃദത്തിനുള്ളിൽ സ്വതന്ത്രാഭിപ്രായപ്രകടനത്തിന് എന്നും ഇടം നൽകിയിരുന്നു. വിമർശനങ്ങളും, പ്രകോപനങ്ങളും ഒന്നും ബന്ധത്തെ തകർക്കുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. ആ മനോഭാവം അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ കേൾക്കുക: ''തിരുമേനി എന്നെ പരിഹസിച്ചിട്ടുണ്ട്. ഞാൻ അദ്ദേഹത്തെ അധിക്ഷേപിച്ചിട്ടുമുണ്ട്. അത് വേറെ കാര്യം''. അതൊക്കെ അങ്ങനെ നടക്കുമെന്ന് സൂചന. എന്നാൽ ഇതൊക്കെയാണെങ്കിലും എന്നോടുള്ള ആ സ്നേഹത്തിന്റെ ആഴം അടുത്ത വാചകത്തിൽ: ''ഇടയശ്രേഷ്ഠൻ പ്രത്യക്ഷപ്പെടുമ്പോൾ തേജസിന്റെ വാടാത്ത കിരീടം പ്രാപിക്കുവാൻ തിരുമേനി യോഗ്യനാണ് എന്ന് എന്റെ ഭൗതിക ചക്ഷസുകൾ കാണുന്നു. ഇത് യാഥാർത്ഥ്യമാണ്''. ബാബു പോളിന്റെ ആ സാന്ത്വനവും സ്നേഹവും എന്നെ അദ്ദേഹത്തിന്റെ മുന്നിൽ വിനീതനാക്കുന്നു.

1995 ലെ മലങ്കര സഭയെ സംബന്ധിച്ച സുപ്രീംകോടതി വിധിയെ തുടർന്ന് സമാധാന സൃഷ്ടിക്ക് വേണ്ടിയുള്ള ഉഭയകക്ഷി ചർച്ചകളിൽ ബാബു പോളും ഞാനും പാത്രിയർക്കീസ് വിഭാഗത്തിന്റെ പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നു. യശ്ശഃശരീരനായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയായിരുന്നു ഓർത്തഡോക്സ് സഭാ വിഭാഗത്തെ നയിച്ചത്. അദ്ദേഹത്തിന്റെ സഭാ ഐക്യതാല്പര്യവും സഭാ വീക്ഷണവും തിരിച്ചറിയുവാൻ കഴിവില്ലാത്ത പ്രതിനിധികൾ ആ കൂടെ തന്നെയുണ്ടായിരുന്നു. ഈ സമാധാന ശ്രമങ്ങൾ തകർക്കുന്നതിൽ അവർക്കുള്ള പങ്ക് നിർണ്ണായകമായിരുന്നു. അതുപോലെ സഭാസമാധാനം ഉണ്ടാകാതിരിക്കുവാൻ പഴുതന്വേഷിച്ചു കൊണ്ടിരുന്ന തോമസ് മാർ ദിവന്നാസിയോസ് ഇപ്പുറത്തും. ഈ കുത്സിത മനസുകളുടെ ഇടയിൽ ചർച്ച മുന്നോട്ട് പോകാതെ നിസ്സഹായത എന്നോടൊപ്പം അധികം അനുഭവിച്ച വ്യക്തിയായിരുന്നു ബാബു പോൾ. കക്ഷികളിൽ ആരുടെയെങ്കിലും അഭിമാനത്തിന് ക്ഷതം വരുത്തി സന്ധി വ്യവസ്ഥകൾ ഉണ്ടാക്കിയാൽ ആരോഗ്യകരമായ ഐക്യം സൃഷ്ടിക്കപ്പെടില്ല എന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചിരുന്നു.

പൗലോസ് ഗ്രീഗോറിയോസ് തിരുമേനിയുടെയും ബാബു പോളിന്റെയും പ്രശ്ന പരിഹാര നീക്കങ്ങൾ അനുഭവ സമ്പന്നത കുറഞ്ഞ എന്നെ ഇതുപോലുള്ള ചർച്ചകളിൽ പങ്കെടുക്കുവാൻ ഒരുക്കുന്നതിന് ഏറെ സഹായിച്ചു. ഒരു ഉദാഹരണം ഞാൻ ഉദ്ധരിക്കട്ടെ; സന്ധി വ്യവസ്ഥകൾ 'sufficiently vague and sufficiently clear'

ആയിരിക്കണം. എന്നായിരുന്നു ബാബു പോളിന്റെ വാദം. അതുകൊണ്ട് പാത്രിയർക്കേറ്റ് - കാതോലിക്കേറ്റ് ബന്ധം വിശദമാക്കൽ വ്യവസ്ഥയിൽ ഉണ്ടാകരുത്. അത് കോടതി വിധിയിലും ഭരണഘടനയിലും വ്യക്തമാക്കുന്നത് മതിയാകും. അത് കൂടുതൽ വ്യക്തമാക്കി കുളമാക്കരുത് എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. വിശദീകരിച്ച് കക്ഷികളിൽ ഒന്നിനെ മുറിപ്പെടുത്തിയാൽ ഐക്യം നടക്കില്ല എന്നായിരുന്നു അതിന്റെ സാരം. വ്യക്തത ഉണ്ടാകേണ്ടത് തുടർ ചരിത്രത്തിൽ ആണ്. അതിന് നേതൃത്വം സന്മനസും വിവേകവും കാണിക്കുകയാണ് വേണ്ടത്. ഇത് പറഞ്ഞാൽ എത്ര പേർക്ക് മനസ്സിലാകും. മനസ്സിലാക്കാൻ ആഗ്രഹിക്കാത്തവർ വേറെയും. ഏതായാലും സമാധാനം ഉണ്ടായില്ല. പക്ഷെ അദ്ദേഹത്തിന്റെയും ഗ്രീഗോറിയോസ് തിരുമേനിയുടെയും കൂടെയുള്ള അഭ്യസനം എനിക്ക് ഏറെ പഠന സഹായമായിരുന്നു. അതുപോലെ മറ്റൊരു കാര്യവും പഠിച്ചു. സംസ്കാരവും മാനസിക-വൈകാരിക പക്വതയുമില്ലാത്തവർ ചർച്ചകളിൽ പങ്കെടുത്താൽ തങ്ങളുടെ വൈകല്യങ്ങൾ പ്രകടിപ്പിക്കും. ചർച്ച സ്വാഭാവികമായും പൊളിക്കുകയും ചെയ്യും. എന്നാൽ അതിന് സഭയും സമൂഹവും കൊടുക്കേണ്ടത് വലിയ വിലയായിരിക്കും.

പൊതുസമൂഹത്തിൽ പ്രവർത്തിക്കുന്നവരിൽ ഇത്ര തീഷ്ണമായ വിശ്വാസ അനുഭവവും ആഴമായ ആത്മജ്ഞാനവുമുള്ള വ്യക്തികളെ എനിക്ക് പരിചയം കുറവാണ്. സാമ്പ്രദായികമായ മതാനുഷ്ഠാനങ്ങളിലും ലഭ്യമായ ആത്മീയ പാഠങ്ങളിലും ബാബു പോൾ തൃപ്തിയടഞ്ഞിരുന്നില്ല. ആ മേഖലയിലുള്ള അന്വേഷണവും പരീക്ഷണങ്ങളുമെല്ലാം അദ്ദേഹത്തിന്റെ ഉള്ളിൽ രൂപം കൊണ്ട ആത്മീയ തൃഷ്ണയിൽ നിന്ന് ഉയർന്നു വന്നതാണ്. എന്റെ മേൽനോട്ടത്തിൽ രൂപം കൊണ്ട ധ്യാനമന്ദിരങ്ങളുടെ രൂപപ്പെടലിലും നടത്തിപ്പിലും ബാബു പോളിന്റെ പ്രത്യേക സഹകരണവും പിന്തുണയും ഉണ്ടായതിന് പിന്നിൽ ഈ താല്പര്യമാണ് നിഴലിച്ചത്. യാഥാസ്ഥിക ആത്മീയ പാരമ്പര്യങ്ങൾ പലതും ആധുനികതയുടെ സമസ്യകളും വെല്ലുവിളികളും നേരിടുന്നതിന് പര്യാപ്തമല്ല എന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു. ആധ്യാത്മികത കാലികവല്കൃതമാകണം എന്ന നിലപാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ദാർശനിക സ്വഭാവമുള്ള വിശ്വാസ വിചിന്തനങ്ങൾ രൂപപ്പെടുത്തിയ അദ്ദേഹത്തിന്റെ ആധ്യാത്മിക അന്വേഷണങ്ങൾ വേദശാസ്ത്ര വിജ്ഞാനീയ വളർച്ചയ്ക്കും, ജീവിതത്തിലെ പ്രതിസന്ധികളുടെ അതിജീവനത്തിനും, ആത്മീയ ശൂന്യതകളും വൈകാരിക തകർച്ചകളും പ്രതിരോധിക്കുന്നതിനും അദ്ദേഹത്തെ പ്രാപ്തനാക്കി. ആധുനിക ജീവിതം സൃഷ്ടിക്കുന്ന അർത്ഥമില്ലായ്മയുടെ മധ്യത്തിൽ ആധ്യാത്മീകത നല്കുന്ന നിഗൂഢ ആനന്ദവും സംതൃപ്തിയും ഋഷി തുല്യമായ ആ മനസ്സ് അന്വേഷിച്ചുകൊണ്ടിരുന്നു. തിരുവചനങ്ങളുടെ വരയിൽ സഞ്ചരിച്ച് വർത്തമാന കാലത്തിന് അവ നല്കുന്ന സന്ദേശങ്ങൾ കണ്ടെത്താനും പങ്കു വെയ്ക്കാനും ആ ധിഷണാശാലിയുടെ മനസ്സ് ത്രസിച്ചുകൊണ്ടിരുന്നു. അതിനുവേണ്ടി തന്റെ ജീവിത സായാഹ്നത്തിൽ ഒരു സഭാന്തര തിരുവചന പഠന കൂട്ടായ്മ തന്നെ നിലവിൽ വരുന്നതിന് അദ്ദേഹം ശ്രദ്ധിച്ചു. മനുഷ്യന്റെ സമഗ്ര വിമോചനം ലക്ഷ്യമാക്കിയുള്ള വിശാലമായ ആധ്യാത്മികതയാണ് അവിടെ പ്രോത്സാഹിപ്പിക്കപ്പെട്ടത്. ദൈവവുമായി നിരന്തരം സംവാദത്തിലൂടെയും സാധനയിലൂടെയും ആർജ്ജിക്കുന്ന ആത്മീക അനുഭവവും അതിന്റെ സൗന്ദര്യവും തിരുവചന ധ്യാനത്തിനുള്ള നിരന്തര പഠനത്തിനും പങ്കിടലിനും പ്രേരകമാവുകയായിരുന്നു. ആധ്യാത്മികതയോടുള്ള അഭിനിവേശം വാർദ്ധക്യാരംഭത്തോടെ ഒരു തരം ആസക്തി പോലെ പരിണമിച്ചിരുന്നു. സ്വന്ത

ജീവിതത്തിലെ ആരോഗ്യ പ്രശ്നങ്ങൾ, ജീവിത പങ്കാളിയുടെ വിയോഗം സൃഷ്ടിച്ച നഷ്ടബോധം, മരണം മുമ്പിലുണ്ട് എന്ന തിരിച്ചറിവ് ഇവയുടെ മധ്യത്തിൽ തിരുവചനം നല്കിയിരുന്ന ആത്മീക സാന്ത്വനം അപാരമായിരുന്നുവെന്നാണ് എന്റെ നിഗമനം.

തന്റെ ജീവിത കാലഘട്ടം ജന്മം നല്കിയ വലിയ ഒരു പ്രതിഭാശാലിയായിരുന്നു ബാബു പോൾ. എന്നാൽ ഈ അറിവ് ഒരു തരിമ്പ് പോലും അദ്ദേഹത്തിൽ അഹങ്കാരം സൃഷ്ടിച്ചില്ല. ആത്മരതിയുടെ ഒരു അംശവും അദ്ദേഹത്തിൽ എനിക്ക് കണ്ടെത്താനായിട്ടില്ല. തന്റെ ധൈഷണികതയുടെ പേരിൽ ഒരിക്കലും മറ്റുള്ളവരെ നിന്ദിക്കുവാൻ അദ്ദേഹം ശ്രമിച്ചുമില്ല. നേരേമറിച്ച്, അപരനിൽ നിന്ന് നന്മ കണ്ടെത്തുന്നതിൽ അദ്ദേഹം ആരെയും പിന്നിലാക്കിയിരുന്നു. പര നിന്ദ അദ്ദേഹത്തിൽ ആഹ്ലാദം ജനിപ്പിക്കുന്ന കാര്യമായിരുന്നില്ല.

സ്വന്തം ജീവിതത്തിൽ ബാബു പോൾ എത്തിച്ചേർന്ന നിഗമനങ്ങളെ പോലും അദ്ദേഹം ആത്യന്തിക പരംസത്യങ്ങളായി ഗണിച്ചിരുന്നില്ല. അതുകൊണ്ട് തുടർ പഠനത്തിനുള്ള താല്പര്യവും അറിയുവാനുള്ള ജിജ്ഞാസയും എന്നും അദ്ദേഹം നിലനിർത്തിയിരുന്നു. ചോദ്യം ചെയ്യലും അന്വേഷണങ്ങളും അദ്ദേഹം തുടർന്നു. തന്റെ ധൈഷണികതയിലും അന്വേഷണങ്ങളിലൂടെയും കണ്ടെത്തിയ സത്യം അനുഭവാധിഷ്ഠിതവും യുക്തിഭദ്രവും എന്ന് തിരിച്ചറിഞ്ഞാൽ തന്നെ അവയെ പോലും ആത്യന്തികമായി ആശ്രയിക്കാനാവില്ല എന്ന് അദ്ദേഹത്തിന് ധാരണ ഉണ്ടായിരുന്നു. അതുകൊണ്ട് ചിന്തയുടെ വരൾച്ചയും ധാരണകളിലെ മുരടിപ്പും അദ്ദേഹത്തെ കാര്യമായി ബാധിച്ചില്ല. അങ്ങനെ കാലിക ലോകത്തോടും അതിലെ സമസ്യകളോടും അദ്ദേഹത്തിന് സംവദിച്ചു കൊണ്ടിരിക്കുവാൻ കഴിഞ്ഞു. ഈ കാലികത്വം ഭാഷയിലും ചിന്തയിലും ബന്ധങ്ങളിലുമെല്ലാം നിലനിർത്താനായി. അതുകൊണ്ട് സൈദ്ധാന്തികത അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് അകന്നുനിന്നു. ജൈവികത ആയിരുന്നു എല്ലാ ബന്ധങ്ങളിലും പ്രകടമായിരുന്നത്. മാനവികതയും ആത്മപ്രകാശവും നിറഞ്ഞു നിന്ന എന്റെ ജ്യേഷ്ഠ സഹോദരന് ആദരപൂർവ്വം പ്രണാമം അർപ്പിക്കുന്നു.